10117

COURT FEE 10 Rs. INDIA TEN RUPEES

പ്രേഷിതൻ,

സുബൈർ അഹമ്മദ്.സി.പി.എം

**Correspondence Address:**

സിനിയർ ക്ലാർക്ക്

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,

അയ്യന്തോൾ, തൃശ്ശൂർ-680003

Mob: 9497181075, 8281526077.

സ്വീകർത്താവ്

**സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,**

Directorate of Social Justice, Vikas Bhavan,

4th Floor, Thiruvananthapuram -1

THE DIRECTOR OF SOCIAL JUSTICE, THIRUVANANTHAPURAM

17 JAN 2017

വിഷയം: വിവരാവകാശ നിയമം-2005 - സംബന്ധിച്ച്.

സൂചന:1) 29.09.2016 തിയ്യതിയായി ഞാൻ അങ്ങയുടെ ഓഫീസ്സിലും വകുപ്പ് മന്ത്രി അവർകളുടെ ഓഫീസ്സിലും, ബഹു. മനുഷ്യാവകാശ കമ്മീഷൻ അവർകൾക്കും സമർപ്പിച്ച പരാതികൾ.

2) മീര. പി, ജില്ലാ പ്രോഗ്രാം ഓഫിസർ, തൃശ്ശൂർ ജൂലൈ മാസത്തിൽ സമർപ്പിച്ച പരാതി. "The Sexual Harassment of Women at Work place (Prevention, Prohibition and Redressal) Act, 2013".

(3)07.01.2017 തിയ്യതിയായി ഞാൻ അങ്ങയുടെ ഓഫീസ്സിലും, ബഹു. വകുപ്പ് മന്ത്രി അവർകളുടെ ഓഫീസ്സിലും, ബഹു. Smt. Mini Antony, I.A.S അവർകൾക്കും സമർപ്പിച്ച പരാതികൾ.

സൂചന:3 ലേക്ക്, അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പരാതികളിൽ ശ്രീ. കെ. കെ വിനയൻ, മേഖല അസിസ്റ്റൻറ് ഡയറക്ടർ, എറണാകുളം അവർകൾക്ക് ടിയാൻെറ ഭാഗം ബഹു. സാമൂഹ്യ നീതി ഡയറക്ടർ അവർകളുടെ മുമ്പിലും, ബഹു. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെയും ബോധിപ്പിക്കുവാൻ ന്യായമായും അവകാശം ഉണ്ട് എന്നിരിക്കെ, ടിയാൻ ടി വിശദികരണം ബഹു. സാമൂഹ്യ നീതി ഡയറക്ടർക്കും, ബഹു. മനുഷ്യാവകാശ കമ്മീഷനും മാത്രം അയച്ചു കൊടുക്കുന്നതിന് പകരം സാമൂഹ്യ നീതി വകുപ്പിലെ, സംസ്ഥാനത്തെ എല്ലാ പ്രോഗ്രാം ഓഫിസ്സർമാർക്കും, ജില്ലാ ഓഫിസ്സർമാർക്കും. മറ്റ് ഉദ്യോഗസ്ഥർക്കും, അവരവരുടെ ഒഫീഷ്യൽ മെയിലിലേക്ക് (ഉദാ:**programmeofficericds@gmail.com**) അയച്ചു കൊടുത്തിരിക്കുന്നു. ശ്രീ. കെ. കെ വിനയൻ, തൻെറ വ്യക്തി വൈരാഗ്യം തീർക്കുന്നതിനും, അസത്യമായ കാര്യങ്ങൾ വളച്ചൊടിച്ച് അപവാദപ്രചരണത്തിനുമായി സർക്കാറിൻെറ ഒഫീഷ്യൽ മെയിൽ ദുരുപയോഗം ചെയ്തിരിക്കുന്നു. ബഹു. ഡയറക്ടർക്കും, ബഹു. കമ്മീഷനും മാത്രം ലഭ്യമാക്കേണ്ട കത്ത്, ടി സ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ പ്രൊട്ടോകോൾ പരിഗണിക്കാതെയും, ടിയാൻ നിരത്തിയ വാദം ശരിയാണ് എന്ന് ബഹു. ഡയറക്ടറും, ബഹു. കമ്മീഷനും അംഗികരിക്കുന്നതിന് മുമ്പ് തന്നെ തൻെറ വാദം ശരിയാണ് എന്ന് കാണിച്ചതിലൂടെ, ടി ഉന്നത സ്ഥാനത്തിരിക്കുന്ന ബഹുമാന്യ വ്യക്തികളെയും അപമാനിച്ചിരിക്കുകയാണ്. എൻെറ ഭാര്യ. മിര. പി. സമർപ്പിച്ച ടി.എ ബില്ലിലുള്ള തകാരാറ് കണ്ടത്തുന്നതിനും തിരുത്തൽ വരുത്തുവാനും ഉള്ള ഉത്തരവാദിത്തം മേഖല അസിസ്റ്റൻറ് ഡയറക്ടർക്കാണ്. ഒരു കോപ്പിയിൽ മാത്രം വന്ന ക്ലറിക്കൽ തകരാറ്, അനർഹമയ യാത്രാപടി നേടിയെടുക്കുവാൻ വേണ്ടിയാണ് എന്ന് അപവാദം സംസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥരിലും പ്രചരിപ്പിച്ചിരിക്കുന്നു. ശ്രീ. കെ. കെ വിനയൻ **എൻെറ ഭാര്യയെ ~~ഇദ്ദേഹം~~ നിരന്തരമായി അപമാനിക്കുന്നതിലും മാനസികമായി ദ്രോഹിക്കുന്ന** സഹചര്യത്തിൽ, ടിയാൻ, താങ്കളുടെ അധികാരപരിധിയിൽ വരുന്ന എതല്ലാം ഓഫീസ്സുകളിലെ ഒഫീഷ്യൽ മെയിലിലേക്ക് ടിയാൻെറ ഭാഗം ബോധിപ്പിക്കുന്ന കത്ത് (സൂചന:3) ലഭ്യമാക്കി എന്ന വിവരം, പകർപ്പ് ഉൾപ്പെടെ, നൽകുവാൻ താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

[signature]

തൃശ്ശൂർ

13.01.2017

സുബൈർ അഹമ്മദ്.സി.പി.എം